# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**<u>2020 മേയ് 08 വൈകുന്നേരം 3.00 മണി</u>**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## <u>ബഹു. ആരോഗ്യവകുപ്പ് മന്ത്രി</u>

കേരളത്തിൽ ഇന്ന് എറണാകുളം ജില്ലയിൽ നിന്നും ഒരാൾക്ക് രോഗബാധ സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. രോഗം സ്ഥിരീകരിച്ച 16 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 215 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 20157 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 19810 പേർ വീടുകളിലും 347 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 35886 സാമ്പിളുകൾ പരിശോധിച്ചതിൽ 35355 സാമ്പിളുകൾ നെഗറ്റീവ് ആണ്. ഇത് കൂടാതെ സെന്റിനൽ സർവൈലൻസിന്റെ ഭാഗമായി ആരോഗ്യപ്രവർത്തകർ, അതിഥി തൊഴിലാളികൾ, സാമൂഹസമ്പർക്കം കൂടുതലുള്ള വ്യക്തികൾ മുതലായ മുൻഗണനാ ഗ്രൂപ്പുകളിൽ നിന്ന് 3380 സാമ്പിളുകൾ ശേഖരിച്ചതിൽ 2939 സാമ്പിളുകൾ നെഗറ്റീവ് ആയി. പുതുതായി ആളുകൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതിന്റെ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നില്ല എന്ന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർമാരും ഇതേ പരാതി അറിയിച്ചിട്ടുണ്ട്. അതിർത്തിയിൽ നിന്ന് വരുന്നവരുടെ വിവരങ്ങൾ അടങ്ങിയ പട്ടിക ലഭിക്കുന്നില്ല എന്ന പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ അതിർത്തികളിൽ നിന്ന് നേരിട്ട് നിരീക്ഷണ കേന്ദ്രങ്ങളിലേക്ക് ആളുകളെ അയക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടർമാരുടേയും, ജില്ലാ മെഡിക്കൽ ഓഫീസർമാരുടേയും അറിവോടെ ഇങ്ങനെ അതിർത്തിയിൽ നിന്ന് വരുന്നവരെ നിരീക്ഷണകേന്ദ്രങ്ങളിലേക്ക് അയക്കുന്നതാകും ഉചിതം. അതിഥി തൊഴിലാളികൾ ഉള്ള ക്യാമ്പുകളിൽ ഭക്ഷണം കൊടുക്കാൻ സാധിക്കുന്നില്ല എന്ന പരാതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിവിൽ സപ്ലൈസിൽ നിന്ന് ആവശ്യമായ ഭക്ഷ്യധാന്യം ലഭിക്കാത്തതുമൂലമാണിത് എന്നാണ് അറിവായിട്ടുള്ളത്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## <u>പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)</u>

ലോകത്താകമാനം 3726292 കേസ്സുകളും 257405 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 56342 കേസ്സുകളും 1886 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിൽ 487 പേർ രോഗമുക്തി നേടി. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരി

ച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെ ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. 24 മണിക്കൂറിൽ 906 സാമ്പിളുകൾ പരിശോധിച്ചതിൽ 1 സാമ്പിൾ പോസിറ്റീവ് ആയി.

## ചീഫ് സെക്രട്ടറി

സിവിൽ ഏവിയേഷൻ സെക്രട്ടറി വിളിക്കുകയും എറണാകുളം, കോഴിക്കോട് വിമാനത്താവളങ്ങളിൽ സംസ്ഥാനം പ്രവാസികളെ സ്വീകരിക്കുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങളെക്കുറിച്ച് അഭിനന്ദനങ്ങൾ അറിയിച്ചിട്ടുണ്ട്. ഈ മാതൃക മറ്റ് സംസ്ഥാനങ്ങൾക്കും നടപ്പിലാക്കാവുന്നതാണ് എന്നും അറിയിച്ചു. ഭക്ഷ്യവസ്തുക്കളുടെയും, മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്കുകൾ നിരീക്ഷിക്കുന്നുണ്ട്. സ്റ്റോക്കുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. 2220 ഓളം ചരക്ക് വാഹനങ്ങൾ എത്തിയിട്ടുണ്ട്.

## സിവിൽ സപ്ലൈസ്

ധാന്യങ്ങൾ രണ്ട് മാസത്തേക്ക് ആവശ്യമായ സ്റ്റോക്കുണ്ട്. പയർ വർഗ്ഗങ്ങൾ പഞ്ചസാര 2 -3 ആഴ്ചത്തേക്കുള്ളതും, ഭക്ഷ്യ എണ്ണ 5 - 6 ദിവസത്തേക്കും സ്റ്റോക്കുണ്ട്. പി എം ജി കെ വൈ റേഷൻ വിതരണം 20-ാം തീയതിയോട് കൂടി ആരംഭിക്കും. 125.31 മെട്രിക് ടൺ അരി കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസിന്റെ എല്ലാ ശാഖകളും തുറന്ന് പ്രവർത്തിക്കാൻ തുടങ്ങി. കൊച്ചിയിലെ പാചക വാതക പ്ലാന്റുകൾ തുറന്ന് പ്രവർത്തിച്ചില്ലെങ്കിൽ ക്ഷാമം ഉണ്ടാകാമെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ ഞായറാഴ്ച തുറന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പിന്നോക്ക വിഭാഗ പ്രിൻസിപ്പൽ സെക്രട്ടറി

ഇതുവരെ 22 ട്രെയിനുകൾ ആറ് സംസ്ഥാനങ്ങളിലേക്ക് അതിഥി തൊഴിലാളികളുമായി കേരളത്തിൽ നിന്ന് യാത്ര തിരിച്ചു. ബീഹാർ, ജാർഖണ്ഡ്, ഒറീസ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, വെസ്റ്റ് ബംഗാൾ എന്നിവിടങ്ങളിലേക്കാണ് ട്രെയിനുകൾ യാത്ര തിരിച്ചത്. ഇതുവരെ 24088 അതിഥി തൊഴിലാളികളാണ് അവരുടെ സംസ്ഥാനങ്ങളിലേക്ക് യാത്ര ആയത്. ഇന്ന് ലഖ്നൗവിലേക്ക് ഒരു ട്രെയിൻ യാത്ര തിരിച്ചിട്ടുണ്ട്. 2,17,776 പേർ കേരളത്തിലേക്ക് വരുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1,19,245 പേർ റെഡ് സോണിൽ നിന്നുള്ളവരാണ്. ഇന്ന് ഉച്ചയ്ക്ക് 2.30 വരെ 10,185 പേർ കേരളത്തിലേക്ക് എത്തി. ഇവരിൽ 8912 പേർ റെഡ് സോണിൽ നിന്നുള്ളവരാണ്. പാസ്സ് നൽകുന്നതിന് മുൻപ് കളക്ടർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു സർവ്വേ നടത്തേണ്ടതാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരുടെ വീടുകളിൽ ക്വാറന്റൈൻ സൗകര്യം ഉണ്ടോ എന്നത് ഉറപ്പ് വരുത്തേണ്ടതാണ്. ചില ജില്ലകളിൽ ഈ സർവ്വേ നടത്താതെ തന്നെയാണ് പാസ്സുകൾ നൽകിയിട്ടുള്ളത്.

പക്ഷേ ഇനി സർവ്വേ നടത്തിയതിനുശേഷം മാത്രമേ പാസ്സുകൾ നൽകാവൂ എന്ന് എല്ലാ ജില്ലകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ എല്ലാം തന്നെ വ്യത്യസ്തമായ രീതികളിലാണ് സ്ക്രീനിങ്ങ് നടത്തുന്നത്. എന്നാൽ എല്ലാ ചെക്ക് പോസ്റ്റുകളിലും ഒരേ രീതിയിൽ സ്ക്രീനിങ്ങ് നടത്തുന്നതാവും ഉചിതം. റെഡ്സോൺ പാസ്സുകൾ സാങ്കേതിക കാരണങ്ങളാൽ നിർത്തിവച്ചിരിക്കുകയാണ്.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

ഇന്നലെ 2 വിമാനങ്ങളിലായി 363 പേർ കേരളത്തിലേക്ക് എത്തി 189 പേർ നിരീക്ഷണ കേന്ദ്രങ്ങളിലേക്കും, 164 പേർ വീടുകളിൽ നിരീക്ഷണത്തിലും ആണ്. ഇതിൽ 58 ഗർഭിണികളും, 60 വയോജനങ്ങളും, 40 കുട്ടികളും അടങ്ങുന്നു. ഇന്നും രണ്ട് വിമാനങ്ങൾകൂടി എത്തുന്നുണ്ട്. കൂടാതെ മാലിദ്വീപിൽ നിന്നും 1000 പേരടങ്ങിയ ഒരു കപ്പൽ കൊച്ചിയിൽ എത്തുന്നുണ്ട്. എന്നാൽ ഈ കപ്പലിൽ മലയാളികളെ കൂടാതെ ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ആൾക്കാരുമുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇവരെ കേരളത്തിൽ തന്നെ നിരീക്ഷണത്തിൽ പാർപ്പിക്കുമോ എന്നും ചോദിച്ചിട്ടുണ്ട്. തുടർച്ചയായി പ്രവർത്തിക്കേണ്ട ചില വ്യാവസായിക സ്ഥാപനങ്ങൾ ഞായറാഴ്ചകളിലെ കർശന നിയന്ത്രണത്തിൽ തുറന്നുപ്രവർത്തിക്കേണ്ടി വരും. ഇവർക്കായി തുറന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകണമെന്ന് അറിയിച്ചിട്ടുണ്ട്.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

ലക്ഷദ്വീപിൽ നിന്ന് നാളെ 133 ആളുകൾ അടങ്ങുന്ന കപ്പൽ പുറപ്പെടുമെന്ന് ലക്ഷദ്വീപ് ഭരണകൂടം അറിയിച്ചിട്ടുണ്ട്. എറണാകുളത്തേക്കാണ് ഇവർ എത്തുന്നത് അതിനാൽ ഇവരെ സ്ക്രീൻ ചെയ്യുന്നതിനുള്ള സജ്ജീകരണം എറണാകുളത്ത് തയ്യാറാക്കേണ്ടതുണ്ട്. ലക്ഷദ്വീപിൽ രോഗങ്ങൾ ഇതുവരെ ഒന്നും സ്ഥിരീകരിക്കാത്ത സ്ഥിതിക്ക് ഇവരെ എല്ലാം തന്നെ സ്ക്രീൻ ചെയ്തതിന് ശേഷം വീടുകളിൽ നിരീക്ഷണത്തിൽ പോകാൻ അനുവദിക്കാവുന്നതാണ്.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ

പ്രവാസികളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള കേരളീയരും എത്തിതുടങ്ങി. ഇവരെ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിൽ പ്രധാനമായും എടുത്തിട്ടുള്ള ഒരു തീരുമാനം 7 ദിവസം സ്ഥാപന സമ്പർക്ക നിരീക്ഷണ കേന്ദ്രങ്ങളിൽ ഇവരെ താമസിപ്പിക്കുവാനും 7 ദിവസം വീടുകളിൽ നിരീക്ഷണത്തിൽ പാർപ്പിക്കുവാനും ആണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരുടെ എണ്ണം വളരെ കൂടുതൽ ആയതുകൊണ്ടും ഇവരെ നിരീക്ഷണ കേന്ദ്രങ്ങളിൽ പാർപ്പിച്ചാൽ പരസ്പര സമ്പർക്കം ഒഴിവാക്കുവാൻ സാധിക്കുന്ന രീതിയിൽ നിരീക്ഷണകേന്ദ്രങ്ങൾ ഒരുക്കുന്നത് പ്രായോഗികമാകില്ല. അതിനാൽ ഇവരെ 14 ദിവസവും വീടുകളിൽ തന്നെ പാർപ്പിക്കുന്നതാകും ഉചിതം. ഇവരെ ഇങ്ങനെ നിരീക്ഷണ കേന്ദ്രത്തിൽ പാർപ്പിച്ചാൽ രോഗവ്യാപനം ഉണ്ടാകും എന്നതാണ് രോഗവ്യാ

പന വിദഗ്ദ്ധരുടെ അഭിപ്രായം. ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനപ്രകാരം രോഗ ലക്ഷണമുള്ളവർ വരുമ്പോൾതന്നെ പി സി ആർ ടെസ്റ്റുകൾക്ക് വിധേയരാക്കിയും, അതിനുശേഷം ഏഴാമത്തെ ദിവസം പി സി ആർ ടെസ്റ്റിന് വിധേയമാക്കാം എന്നതാണ്. ഇത് പ്രവാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ പാടില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവർക്കും ഇത് ചെയ്യേണ്ടിവരും. ഇങ്ങനെ ചെയ്യേണ്ടി വരുന്ന അവസ്ഥയിൽ പി സി ആർ ടെസ്റ്റിന് ആവശ്യമായ കിറ്റുകളുടെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതായി വരും. അതിനാൽ ഏഴാമത്തെ ദിവസത്തെ പി സി ആർ ടെസ്റ്റ് ആണോ, അതോ 14 ദിവസം വീടുകളിൽ പാർപ്പിച്ചതിന് ശേഷം രോഗലക്ഷണമുള്ളവർക്ക് പി സി ആർ ടെസ്റ്റ് ചെയ്യുന്നതാകുമോ ഉചിതം എന്ന് പരിശോധിക്കേണ്ടതാണ്. എന്നാൽ ഇതിന് ഇപ്പോഴത്തെ കേന്ദ്ര നിർദ്ദേശം തടസ്സമായി വരും. പക്ഷേ കേരളത്തിൽ പരീക്ഷിച്ച് വിജയം കണ്ട മാതൃകയാണ് ഇതെന്ന് കേന്ദ്രത്തെ ബോധ്യപ്പെടുത്തിയാൽ ഈ മാതൃക പിന്തുടരാൻ സാധിക്കുന്നതാണ്. അതിനാൽ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ കേരളം വിജയം കണ്ടു നിൽക്കുന്ന ഈ അവസ്ഥയിൽ ലോകമെമ്പാടുമുള്ളവർ ഉറ്റു നോക്കുന്നത് കേരളത്തിൽ നിന്നുള്ള പഠനങ്ങളാണ്. അതിനാൽ കേരളത്തിൽ നിന്നുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ സുനിൽ കെ മാണിയുടെ പ്രഭാഷണത്തിൽ പങ്കെടുത്തിരുന്നു. അതിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കുറിച്ച് വളരെ ആഴത്തിലുള്ള ചർച്ചയായിരുന്നു നടന്നത്. കൂടാതെ ഓപ്പൺ സോഴ്സ് ഫാർമ ഫൗണ്ടേഷനുമായി ഒരു ചർച്ച നടത്തിയിരുന്നു. ഇതിൽ രണ്ടിലും ശ്രദ്ധിക്കേണ്ട ഒരു കാര്യം ഓപ്പൺ കോവിഡ് പ്രസ്ഥാനം ലോകമെമ്പാടും ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഒന്നാണ് കോവിഡ് പേറ്റന്റ് പൂൾ. പേറ്റന്റ് എടുക്കുന്ന എല്ലാവരേയും ഒന്നിച്ച് കൊണ്ടുവരുന്ന ഒരു പ്രസ്ഥാനമാണ്. കൂടാതെ ഓപ്പൺ കോവിഡ് പ്ലഡ്ജ്. ഈ പ്രസ്ഥാനങ്ങളോട് കേരളം പോലുള്ള പുരോഗമന സംസ്ഥാനം ഐക്യദാർഢ്യം പ്രഖ്യാപിക്കണമെന്നാണ് വിദഗ്ദ്ധ സമിതിയുടെ അഭിപ്രായം.

## സംസ്ഥാന പോലീസ് മേധാവി

ഞായറാഴ്ച നിയന്ത്രണത്തിൽ ചില ആശയക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ആശയക്കുഴപ്പങ്ങൾ മാറ്റുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം ആവശ്യമായി വരും. മാർ ഇവാനിയസ് കോളേജിലെ നിരീക്ഷണ കേന്ദ്രത്തിൽ ഉള്ളവർക്ക് നല്ല ഭക്ഷണം ലഭിക്കുന്നില്ല എന്ന് പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 240 ഓളം ആളുകളാണ് ഇവിടെ ഉള്ളത്. ഇവരുടെ ഭക്ഷണ കാര്യത്തിൽ ശ്രദ്ധ നൽകിയില്ലെങ്കിൽ അത് വലിയ പ്രശ്നങ്ങളിലേക്ക് പോകുവാൻ സാധ്യതയുണ്ട്. റെഡ് സോണുകളിൽ നിന്ന് വരുന്നവരെ അവരുടെ വീടുകളിലേക്ക് നിരീക്ഷണത്തിൽ അയക്കുവാൻ സാധിക്കുമോ എന്ന സംശയങ്ങൾ ഉയർന്നുവരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ റെഡ് സോണുകളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ അവിടെനിന്നും വരുന്നവരെയെല്ലാം നിരീക്ഷണ കേന്ദ്രങ്ങളിൽ പാർപ്പിക്കുന്നത് പ്രായോഗികമാകില്ല. അതിനാൽ വീടുകളിൽ നിരീക്ഷണത്തിൽ പോകുന്നതിനെ കുറിച്ച് ഒരു വ്യക്തത വരുത്തേണ്ടതുണ്ട്. ബംഗാളിൽ നിന്നുള്ള അതിഥി തൊഴിലാളികളെ നിർമ്മാണ പ്രവർത്തനങ്ങളിൽ

ഉൾപ്പെടുത്തുന്നത് ഉചിതമാകും. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലുള്ള സ്റ്റേഡിയങ്ങൾ പ്രഭാത നടത്തത്തിന് തുറന്ന് കൊടുക്കണമെന്ന നിവേദനം പ്രായമായവരുടെ കൈയ്യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഗർഭിണികൾ, പ്രായാധിക്യമുള്ളവർ മറ്റ് രോഗങ്ങളുള്ളവർ എന്നിവർക്കായി ചെക്ക്പോസ്റ്റുകളിൽ പ്രത്യേകം കൗണ്ടറുകൾ തുറക്കുന്നത് ഉചിതമാണ്. ഈ മാതൃക വാളയാർ ചെക്ക് പോസ്റ്റിൽ പരീക്ഷിച്ചതുമാണ്. തിരുവനന്തപുരം , കൊച്ചി, കോഴിക്കോട്, വിമാനതാവളങ്ങളിൽ നിയന്ത്രണം ശക്തമാക്കുന്നത് ഉചിതമായിരിക്കും.

## ഡയറക്ടർ ജനറൽ ഫയർ & റെസ്ക്യൂ

മറ്റ് സംസ്ഥാനങ്ങളിൽ രോഗവ്യാപനം കൂടുന്നതിനാൽ അവിടെയുള്ള കേരളീയർക്ക് നാട്ടിലേക്ക് വരുന്നതിനുള്ള സമ്മർദ്ദം കൂടിവരാനുള്ള സാധ്യതയുണ്ട്. അതിനാൽ ഇവരെ നാട്ടിലേക്ക് എത്തിക്കുകയും വിദഗ്ദ്ധ സിമിതി ചെയർപേഴ്സൺ പറഞ്ഞ രീതിയിൽ രോഗലക്ഷണമില്ലാത്തവരെ വീടുകളിൽ നിരീക്ഷണത്തിൽ പാർപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## സഹകരണവകുപ്പ്

വെൽഫെയർ പെൻഷനുകളും, മറ്റിതര പെൻഷനുകളും ഇല്ലാത്തവർക്കായി പ്രഖ്യാപിച്ച 1000 രൂപ തിങ്കളാഴ്ചയോടുകൂടി ജില്ലകളിലേക്ക് വിതരണം ചെയ്തു തുടങ്ങും. മെയ് 12-13 തീയതികളിൽ ഇത് വിതരണം ചെയ്യേണ്ട സന്നദ്ധ പ്രവർത്തകർക്കായുള്ള സുരക്ഷാ മാനദണ്ഡങ്ങൾക്കുള്ള ട്രെയിനിങ്ങ് നടത്തുന്നതാണ്. 14-ാം തീയതി വിതരണം ആരംഭിക്കുകയും 25 ന് മുൻപായി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

ജാഗ്രത പോർട്ടലിൽ സാങ്കേതിക തകരാർ അനുഭവപ്പെട്ടതിനാലാണ് പ്രാദേശിക തലത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരുടെ പട്ടിക ലഭ്യമാകാതിരുന്നത്. ചെക്ക്പോസ്റ്റുകളിൽ വരുന്ന പട്ടികയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുത്താതിരുന്നതിനാലാണ് ഈ തകരാർ അനുഭവപ്പെട്ടത്. ഇന്ന് വൈകിട്ടോടു കൂടി ഇത് പരിഹരിക്കാം എന്നാണ് അറിവായിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കമ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

## പ്രിൻസിപ്പൽ സെക്രട്ടറി റവന്യൂ

ക്വാറന്റൈൻ കേന്ദ്രങ്ങളുടെ കണക്കുകൾ ദിവസേന പരിശോധിക്കുന്നുണ്ട്. അറ്റാച്ച്ഡ് ബാത്ത് റൂമുകൾ പ്രധാനമായും നേരിടുന്ന വെല്ലുവിളി ചില ജില്ലകളിലെങ്കിലും ഹോട്ടലുകൾ ദുരന്ത നിവാരണ ആക്റ്റ് പ്രകാരം ഏറ്റെടുത്തിട്ടുണ്ട്. പെയ്ഡ് ക്വാറന്റൈൻ ഉടനെ തന്നെ നടപ്പിലാക്കിയാൽ കുറേ അധികം ആളുകൾ അവിടെ താമസിക്കുവാൻ മുന്നോട്ട് വരും ഇതിനായുള്ള ഒരു മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ഇന്നത്തെ പ്രധാന പ്രശ്നം ക്വാറന്റൈൻ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആണ്. മുൻപ് നാം നിർദ്ദേശിച്ചിരുന്നത് രോഗം ഇല്ലാത്തവർ വീടുകളിലേക്കും രോഗമുള്ളവർ ആശുപത്രിയിലേക്കും എന്നാണ്. എന്നാൽ കേന്ദ്ര നിർദ്ദേശം വന്നതിനാലാണ് വിദേശത്തു നിന്നും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും ആൾക്കാർ എത്തുമ്പോൾ അവരെ ക്വാറന്റൈൻ കേന്ദ്രങ്ങളിലേക്ക് മാറ്റാൻ തീരുമാനിച്ചത്. അസുഖം പിടിപെട്ട് 7 ദിവസം എടുക്കും രോഗം കിട്ടിയോ എന്ന് മനസ്സിലാക്കാൻ. അതിനാലാണ് അപ്പോൾ പരിശോധിക്കാമെന്ന് തീരുമാനമെടുത്തത്. എന്നാൽ ആരോഗ്യവകുപ്പും വിദഗ്ധ സമിതിയും ഇതു സംബന്ധിച്ച് വീടുകളിലേക്ക് വിടാമെന്ന് സംബന്ധിച്ച ശുപാർശ തന്നാൽ നമുക്ക് ക്വാറന്റൈ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്താവുന്നതാണ്. **(ചുമതല - ആരോഗ്യ, പൊതുഭരണ വകുപ്പ്)**
2. മറ്റു സംസ്ഥാനങ്ങളിലേക്ക് അതിഥി തൊഴിലാളികളെ വിടുന്നത് ഇനി അവർ ആവശ്യപ്പെടുന്നെങ്കിൽ മാത്രം ചെയ്താൽ മതിയാകും. മാത്രമല്ല അതിഥി തൊഴിലാളികളെ മുഴുവൻ പറഞ്ഞു വിടുന്നത് നമ്മുടെ പ്രവർത്തനങ്ങൾ അവതാളത്തിൽ ആക്കാനും കാരണമാകും. നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കാത്തതാണ് ഇപ്പോൾ തൊഴിലാളികൾക്ക് ജോലി ലഭിക്കാതിരിക്കാൻ കാരണം. ഉദ്യോഗസ്ഥ സംവിധാനം വേണ്ടവിധത്തിൽ പ്രോത്സാഹിപ്പിക്കാത്തതാണ് കെട്ടിട നിർമ്മാണ ജോലി പുനരാരംഭിക്കുന്നത്തിനു തടസ്സം. **(ചുമതല - തദ്ദേശസ്വയംഭരണ, ആഭ്യന്തര, തൊഴിൽ വകുപ്പ്)**
3. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ ചെക്ക് പോസ്റ്റുകളിൽ എത്തുന്നവരുടെ തിരക്ക് വർദ്ധിക്കുന്നു. ഈ തിരക്ക് നിയന്ത്രിക്കാനാണ് രജിസ്ട്രേഷൻ കൊണ്ടുവന്നത്. എന്നിരുന്നാലും തിരക്ക് വരുന്നത് ഒഴിവാക്കാൻ കൃത്യമായ രജിസ്ട്രേഷൻ രീതി വേണം. ഇത് സംബന്ധിച്ച് ജില്ലകളിൽ വ്യക്തത ഉണ്ടാവുകയും വേണം. റെഡ് സോണിൽ നിന്ന് വരുന്ന വ്യക്തികളുടെ കാര്യത്തിൽ ആവശ്യമായ കരുതൽ വേണം. എന്നാൽ രജിസ്റ്റർ ചെയ്യാതെ ആൾക്കാർ എത്തിയാൽ അവരുടെ കാര്യത്തിൽ നാം കൃത്യമായ നടപടികൾ സ്വീകരിക്കുക തന്നെ വേണം. **(ചുമതല - ആഭ്യന്തര, പൊതുഭരണ വകുപ്പ്)**
4. കപ്പലിൽ നിന്ന് ഇവിടെ ആൾക്കാർ എത്തുന്നതിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉണ്ടെങ്കിൽ അവർക്ക് ഇവിടെ ക്വാറന്റൈൻ സൗകര്യം ഒരുക്കുന്നതാണ്. **(ചുമതല - റവന്യൂ വകുപ്പ്, ജില്ലാ കളക്ടർമാർ)**
5. കോവിഡ് 19 മായി ബന്ധപ്പെട്ട ശാസ്ത്ര വിവരങ്ങൾ സംബന്ധിച്ച അക്കാദമിക് പേപ്പറുകൾ തയ്യാറാക്കാവുന്നതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
6. ഓപ്പൺ കോവിഡ് പ്രസ്ഥാനത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാവുന്നതാണ്. **(ചുമതല - ഡോ. ഇക്ബാൽ, വിദഗ്ധ സമിതി ചെയർപേഴ്സൺ)**
7. നമ്മുടെ സംസ്ഥാനത്ത് ഓട്ടോറിക്ഷ ഓടിക്കാനുള്ള അനുവാദം ലഭിക്കുന്നതിലേക്കായി കേന്ദ്രസർക്കാരുമായി ബന്ധപ്പെടേണ്ടതാണ്. **(ചുമതല - ഗതാഗത വകുപ്പ്)**

8. മുതിർന്ന ആൾക്കാർക്ക് പ്രഭാത നടത്തത്തിനു മറ്റുമായി സ്റ്റേഡിയം തുറന്നു കൊടുക്കുന്നത് പരിഗണിക്കാവുന്നതാണ്. ഇതിനായുള്ള വിശദ മായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. **(ചുമതല - സ്പോർട്സ്, ആരോഗ്യ വകുപ്പ്)**
9. എയർപോർട്ടുകളിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ കാര്യത്തിൽ നാം വിവേചന ബുദ്ധിയോടെ കൂടി തീരുമാനങ്ങൾ എടുക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
10. മറ്റു സംസ്ഥാനങ്ങളിൽ നിന്നും, വിദേശങ്ങളിൽ നിന്നും തിരിച്ചെത്തുന്നവരിൽ രോഗലക്ഷണങ്ങൾ ഉള്ളവരെ കൃത്യമായി പരിശോധിച്ച് കണ്ടെത്താനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
11. കേരളത്തിലേക്ക് തിരിച്ചെത്തുന്നവരെ താമസിപ്പിക്കുന്നതിനുവേണ്ടി ഹോട്ടലുകൾ കണ്ടെത്തി അവിടെ സൗകര്യങ്ങളോടു കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
12. വിവരങ്ങളൊന്നും തന്നെ നൽകാതെ അതിർത്തി കടന്നു വരുന്ന ആൾക്കാരുടെ കാര്യത്തിൽ നാം പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
13. മുത്തങ്ങയിൽ പോലീസുകാരുടെയും മാധ്യമപ്രവർത്തകരുടെയും വലിയ തിരക്ക് ഉണ്ടാക്കിയതായി കണ്ടിട്ടുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
14. ഇനിയുള്ള ദിവസങ്ങളിൽ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ പ്രതിഷേധം വർദ്ധിക്കുവാൻ സാധ്യതയുണ്ട്. ഇത് പ്രത്യേകം ശ്രദ്ധിക്കണം. **(ചുമതല - റവന്യൂ, പൊതുഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
15. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരുടെ വിവരങ്ങൾ യഥാസമയം പോലീസിന് ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
16. 239 വ്യാപാരസ്ഥാപനങ്ങൾ പരിശോധിച്ചതിൽ 124 ഇടത്ത് അപാകതകൾ കണ്ടത് വിജിലൻസ് ബന്ധപ്പെട്ട വകുപ്പുകളെ നടപടികൾ എടുക്കുന്നതിനു വേണ്ടി ശുപാർശ ചെയ്തിട്ടുണ്ട് **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
17. പോസ്റ്റ് ഓഫീസുകളുമായി ബന്ധപ്പെട്ട ദേശീയ സമ്പാദ്യ പദ്ധതി യുടെ തുക പിരിക്കുന്നതിനു വേണ്ടിയുള്ള ജീവനക്കാർക്ക് യാത്ര ചെയ്യാനുള്ള അനുമതി നൽകേണ്ടതാണ്. **(ചുമതല - ആഭ്യന്തര, പൊതുഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
18. കോവിഡ് 19 നിയന്ത്രണ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾ തമ്മിൽ നല്ല രീതിയിൽ ഏകോപനം ആവശ്യമാണ്. കോടതി പ്രവർത്തനം ആരംഭിച്ചാൽ ചില വക്കീലന്മാർക്ക് ജില്ല വിട്ട് യാത്രയ്ക്ക് അനുമതി നൽകേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
19. മുതിർന്ന പത്രപ്രവർത്തകരുടെ പെൻഷൻ ബാങ്ക് വഴി നൽകുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ധനകാര്യ വകുപ്പ്)**
20. ജുവലറി ഷോപ്പുകളും വസ്ത്ര വ്യാപാര സ്ഥാപനങ്ങളും തുറക്കുന്നത് സംബന്ധിച്ച് നാം പരിശോധിക്കേണ്ടതാണ് **(ചുമതല - പൊതുഭരണ വകുപ്പ്)**

21. ആൾത്താമസമില്ലാത്ത വീടുകൾ ഏറ്റെടുത്ത് ആൾക്കാരെ പാർപ്പിക്കുന്ന കാര്യം നാം പരിഗണിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
22. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ആൾക്കാർ വരുമ്പോൾ പാസുകൾ കൃത്യമായ സമയക്രമീകരണം നൽകി വേണം നൽകേണ്ടത്. **(ചുമതല -പൊതുഭരണ, ആഭ്യന്തര വകുപ്പ്)**
23. ഓരോ ദിവസവും എത്രപേരെ കടത്തിവിടാം എന്ന് കൃത്യമായ കണക്കുകൾ അനുസരിച്ച് വേണം ഈ ക്രമീകരണം നടത്താൻ. ഡൽഹി, ബോംബെ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്ന് വിദ്യാർഥികളെ തിരികെയെത്തിക്കാൻ ട്രെയിൻ ഒരുക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. **(ചുമതല - ഗതാഗത, ആഭ്യന്തര വകുപ്പ്)**
24. പ്രവാസികൾ തിരിച്ചെത്തുമ്പോൾ വിമാനത്താവളങ്ങൾ അവരുടെ ഇൻറർവ്യൂ മറ്റും മാധ്യമപ്രവർത്തകർ എടുക്കുന്നത് അനുവദിക്കാവുന്നതല്ല. **(ചുമതല - പി ആർ ഡി, ആഭ്യന്തര വകുപ്പ്)**
25. അതിർത്തികളിൽ തിരക്ക് നിയന്ത്രിക്കുന്നതിനായി കൂടുതൽ കൗണ്ടറുകൾ തുറക്കുന്നത് പരിഗണിക്കണം. പോലീസ് തിരക്ക് നിയന്ത്രിക്കുന്നതിനായി പ്രത്യേക ലൈനുകൾ ഗർഭിണികൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവർക്കായി നടപ്പാക്കുന്നത് പരിഗണിക്കണം. **(ചുമതല - റവന്യൂ, ആഭ്യന്തര വകുപ്പ്)**
26. ക്വാറന്റൈൻ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ കുറവാണ് എന്ന വാർത്തകൾ വരുന്നുണ്ട്. ഇത് പരിഹരിക്കാനായി ചില സ്ഥലങ്ങളിൽ ജില്ലാ ഭരണ സംവിധാനത്തെ സഹായിക്കാൻ സീനിയർ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പരിഗണിക്കണം. **(ചുമതല - പൊതുഭരണ വകുപ്പ്)**
27. വിശാഖപട്ടണത്ത് ഉണ്ടായത് പോലെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ കേരളത്തിൽ രാസവസ്തുക്കൾ അതുപോലെ കിടക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കണം. **(ചുമതല -വ്യവസായ വകുപ്പ്)**
28. അതിഥി തൊഴിലാളികൾക്കിടയിൽ കേരളസംസ്ഥാനം ഇടപെടാത്തത് കൊണ്ടാണ് അവർക്ക് തിരിച്ചു പോകാൻ ആകാത്തത് എന്ന തരത്തിൽ ദുഷ്പ്രചാരണം ഉണ്ട്. നാം ഇതിന് കൃത്യമായി പ്രചരണം നൽകേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർമാർ)**
29. വയനാടിൽ തിരിച്ചെത്തുന്ന എല്ലാവരെയും താമസിപ്പിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. **(ചുമതല - ജില്ലാ കളക്ടർ)**
30. ഞായറാഴ്ചകളിൽ അവശ്യ സർവീസുകൾ തുറക്കാവുന്നതാണ്. തുടർച്ചയായി പ്രവർത്തിക്കേണ്ട വ്യവസായ സ്ഥാപനങ്ങൾക്കും അനുമതി നൽകാവുന്നതാണ്. **(ചുമതല - വ്യവസായ, ആഭ്യന്തര, പൊതുഭരണ വകുപ്പ്)**

ഇനി അടുത്ത മീറ്റിംഗ് തിങ്കളാഴ്ച നടത്താവുന്നതാണ്.

യോഗം നാലുമണിക്ക് അവസാനിച്ചു

**അനുബന്ധം 1**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
23. സെക്രട്ടറി, വ്യവസായ വകുപ്പ്
24. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
25. മുഖ്യമന്ത്രിയുടെ സെക്രട്ടറി
26. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
27. ഡി ജി ഇ, തിരുവനന്തപുരം
28. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
29. മറ്റുള്ളവർ